പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4764

29/06/2012-ൽ മറുപടിക്ക്

## കരുവാറ്റ കുടുംബശ്രീ സി.ഡി.എസിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രമേശ് ചെന്നിത്തല | ഡോ. എം. കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ ഹരിപ്പാട് ബ്ലോക്കിലെ കരുവാറ്റ കുടുംബശ്രീ സി.ഡി. എസിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും, ഇതിന്റെ നിലവിലെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ;<br><br>(സി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) കരുവാറ്റ ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സണെതിരായപരാതി സർക്കാർ പരിശോധിക്കുകയും ടിയാളെ തൽസ്ഥാനത്തു നിന്നും സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ 01/02/12 ൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 30/09/10 ലെ സ.ഉ. (പി) 218/10/തസ്വഭവ അനുസരിച്ചുള്ള ബൈലോ ഭേദഗതി പ്രകാരം സി.ഡി.എസ്/ എഡിഎസ് അംഗത്തെ നീക്കം ചെയ്യുന്നതിനോ/ സസ്പെൻഡ് ചെയ്യുന്നതിനോ സി.ഡി.എസ് ജനറൽ ബോഡിക്കു മാത്രമേ സാധിക്കുകയുള്ളൂ. 26/01/2012 ൽ കരുവാറ്റ സി.ഡി.എസിന്റെ കാലാവധി അവസാനിച്ചതിനാൽ ആരോപണ വിധേയയായ വ്യക്തി സി. ഡി. എസ് ചെയർപേഴ്സൺ അല്ലാതായ സാഹചര്യത്തിൽ 01/02/2012 ലെ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം ടിയാൾക്കെതിരെ സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല എന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. 30/05/2012 ൽ നടന്ന സി.ഡി.എസ് തിരഞ്ഞെടുപ്പിൽ വീണ്ടും സി.ഡി.എസ് ചെയർപേഴ്സണായി ഇതേ വ്യക്തി തിരഞ്ഞെടുക്കപ്പെട്ട സാഹചര്യത്തിൽ ടിയാൾക്കെതിരെ സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ കരുവാറ്റ സി.ഡി.എസിനോട് ആവശ്യപ്പെടുന്നതാണെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സാമ്പത്തിക ക്രമക്കേട് കാട്ടുന്ന കുടുംബശ്രീ അംഗങ്ങൾക്കെതിരെ സത്വര നടപടി ഉറപ്പുവരുത്തുന്നതിനും അവരെ കുടുംബശ്രീയുടെ ഭരണസമിതി--ഭാരവാഹി സ്ഥാനങ്ങളിൽ നിന്നും അടിയന്തിരമായി നീക്കം ചെയ്യുന്നതിനും സാധിക്കുന്ന വിധത്തിൽ കുടുംബശ്രീ ബൈലോയിൽ ഭേദഗതി വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**